milma®

**Malabar Regional Co-operative Milk Producers' Union Ltd.**

Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

No:MRU:P&I:16:CATINSU:2022 : 804

02.03.2023

## സർക്കുലർ നമ്പർ 915 /2023

വിഷയം :- ക്ഷീരകർഷകരുടെ തൊഴുത്ത്/വീട് ഇൻഷുറൻസ് പദ്ധതി -സംബന്ധിച്ച്.

മലബാർ മേഖലാ യൂണിയന്റെ അംഗസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകരുടെ വീടിനും വീട്ടിലെ സാധന സാമഗ്രികൾക്കും തൊഴുത്തിനും പരിരക്ഷ ലഭ്യമാക്കുന്ന ഒരു ഇൻഷൂറൻസ് പദ്ധതി 06.02.2022 മുതൽ മലബാർ മേഖലാ യൂണിയൻ സബ്സിഡിയോടുകൂടി നടപ്പിലാക്കിയിരുന്നു. എയിംസ് ഇൻഷുറൻസ് ബ്രോക്കേഴ്സ്, തൃശൂർ മുഖേന യുണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് കമ്പനി, കോഴിക്കോട് വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. ആയതിന്റെ കാലാവധി അവസാനിച്ചിരിക്കുകയാണ്

മേൽ പറഞ്ഞ ഇൻഷുറൻസ് പദ്ധതി തുടരുന്നതിനായി മേഖലാ യൂണിയന്റെ അംഗീകൃത ഇൻഷുറൻസ് ബ്രോക്കറായ എയിംസ് ഇൻഷുറൻസ് ബ്രോക്കേഴ്സ്, തൃശൂർ, പോളിസി പുതുക്കുന്നതിനായി ക്വട്ടേഷനുകൾ ക്ഷണിക്കുകയും നിലവിൽ പ്രസ്തുത പദ്ധതി നടത്തുന്ന യുണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് കമ്പനി, കോഴിക്കോട്, നിലവിലുള്ള പ്രീമിയം നിരക്കിൽ തന്നെ തുടരുവാൻ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

### 1) കാലിത്തൊഴുത്ത് ഇൻഷുറൻസ്

പ്രകൃതിദുരന്തങ്ങൾ, തീപിടുത്തം, അപകടങ്ങൾ എന്നിവ മൂലം കർഷകരുടെ തൊഴുത്തുകൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഒരു വർഷത്തേക്ക് **ഓരോ 1,00,000 രൂപ കവറേജിനും 32 രൂപ** നിരക്കിലുള്ള പ്രീമിയമാണ് ഈ പദ്ധതിക്ക് ഈടാക്കുക. ആയതിന്റെ മിനിമം പ്രീമിയം തുക **59 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.** ഓലമേഞ്ഞ താല്കാലിക ഷെഡുകൾ ഇതിന് പരിഗണിക്കുന്നതല്ല. **മേഖലാ യൂണിയൻ വിഹിതമായി 30 രൂപ പ്രീമിയം സബ്സിഡി അനുവദിക്കുന്നതാണ്.** സബ്സിഡി കിഴിച്ച് കുറഞ്ഞത് 29 രൂപ മുതൽ പ്രീമിയം കർഷകർ അടവാക്കേണ്ടതായിട്ടുണ്ട്.

കാലിത്തൊഴുത്ത് ഇൻഷുറൻസ് ക്ലെയിം ചെയ്യുമ്പോൾ സർവെയർ തൊഴുത്തിനുണ്ടായ യഥാർത്ഥ നഷ്ടം അന്വേഷണം വഴി വിലയിരുത്തി തൊഴുത്തിന്റെ പഴക്കത്തിന് അനുസരിച്ച് നിശ്ചിത ശതമാനം, തേയ്മാനം കഴിച്ചുള്ള തുക റിപ്പോർട്ട് ചെയ്യുന്നു. പ്രസ്തുത തുകയിൽ നിന്ന് 10,000/-രൂപ പോളിസി എക്സസ് എന്ന നിബന്ധന അനുസരിച്ച് കിഴിവ് ചെയ്ത് ബാക്കി തുക മാത്രമാണ് കർഷകന് ലഭ്യമാകുന്നത്.

### 2) ഭവന ഇൻഷുറൻസ്

പ്രകൃതിദുരന്തങ്ങൾ, തീപിടുത്തം, അപകടങ്ങൾ എന്നിവ മൂലം കർഷകരുടെ ഭവനങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. കോൺക്രീറ്റ്/ഓട്/ടിൻഷീറ്റ്/ആസ്ബസ്റ്റോസ് മേൽക്കൂരയുള്ള സംസ്ഥാനത്തിനകത്ത് സ്ഥിതിചെയ്യുന്ന ഭവനങ്ങളെ മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയുള്ളു. ഒരു വർഷത്തേക്ക് **ഓരോ 1,00,000 രൂപ കവറേജിനും 28 രൂപ** നിരക്കിലുള്ള പ്രീമിയമാണ് ഈ പദ്ധതിക്ക് ഈടാക്കുക. **മേഖലാ യൂണിയൻ വിഹിതമായി 50/- രൂപ പ്രീമിയം സബ്സിഡി അനുവദിക്കുന്നതാണ്.**

**അപേക്ഷിക്കുന്ന വിധം** : വീട് /തൊഴുത്ത് ഇൻഷൂറൻസ് പദ്ധതിയിൽ ചേരുവാൻ താൽപര്യമുള്ള കർഷകരുടെ വ്യക്തിഗത വിവരങ്ങൾ ഇതൊടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന (Excel sheet) ഫോർമാറ്റിൽ രേഖപ്പെടുത്തി സംഘത്തിന്റെ കത്ത് സഹിതം (ഫോൺ നമ്പർ, പിൻകോഡ് സഹിതം) അതാത് ജില്ല/യൂണിറ്റ് പി&ഐ മേധാവികൾക്ക് 15.03.2023 നകം എത്തിക്കേണ്ടതാണ്. ആയതിന്റെ " Excel sheet" അതാത് പി&ഐ മേധാവികൾക്ക് ഇ–മേയിൽ മുഖാന്തിരവും അയക്കേണ്ടതാണ്. ഇൻഷൂറൻസ് പദ്ധതിയിൽ ചേരുവാൻ താല്പര്യമുള്ള കർഷകരുടെ എണ്ണവും വ്യക്തിഗത വിവരങ്ങളും ലഭിക്കുന്നതിനസരിച്ചു പദ്ധതി തുടരുവാൻ വേണ്ട നടപടികൾ ആരംഭിക്കുന്നതാണ്.

വിശ്വസ്തതയോടെ,

**മാനേജിംഗ് ഡയറക്ടർ**

എല്ലാ അംഗസംഘങ്ങൾക്കും

പകർപ്പ് :

1. എല്ലാ ജില്ല/യൂണിറ്റ് പി&ഐ മേധാവികൾക്കും പദ്ധതിയിൽ ചേരുവാൻ താൽപ്പര്യമുള്ള കർഷകരുടെ വ്യക്തിഗത വിവരങ്ങൾ Google sheet ൽ 20.03.2023 ന് മുൻപായി രേഖപ്പെടുത്തേണ്ടതാണ്.
2. എല്ലാ ഡയറി/ചില്ലിംഗ് പ്ലാന്റ് മാനേജർമാർക്കും.
3. എല്ലാ വകുപ്പ് മേധാവികൾക്കും, എച്ച്ഒ.